പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5198 05.07.2012 -ലെ മറുപടി

അപകടത്തിൽപ്പെടുന്ന ലോഫ്ളോർ ബസ്സുകൾ

ചോദ്യം

ശ്രീ. പി. ബി. അബ്ദുൾ റസാക്
" കെ. എൻ. എ. ഖാദർ
" കെ. മുഹമ്മദുണ്ണി ഹാജി
" കെ. എം. ഷാജി

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ ലോ ഫ്ളോർ ബസുകൾ ഉൾപ്പെടെയുള്ളവയുടെ അപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br>ഡ്രൈവർമാരുടെ അനാസ്ഥയും വാഹനങ്ങളുടെ സാങ്കേതിക തകരാറുമാണ് പ്രധാനമായും കെ.എസ്.ആർ.ടി.സി. യുടെ പക്ഷത്തുനിന്നും ഉണ്ടാകുന്ന പിഴവുകൾ. ഇതുകൂടാതെ മറ്റ് വാഹനങ്ങളുടെയും കാൽനടയാത്രക്കാരുടെയും അശ്രദ്ധമൂലവും ധാരാളം കെ.എസ്.ആർ.ടി.സി വാഹനങ്ങൾ അപകടത്തിൽപ്പെടുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ നിരത്തുകളിൽ ഓടുന്ന വാഹനങ്ങളിൽ ബഹുഭൂരിപക്ഷവും ഫ്രണ്ട് എൻജിൻ വാഹനങ്ങളാണെന്നതും, ലോഫ്ളോർ വാഹനങ്ങൾ റിയർ എൻജിൻ ഉള്ളവയാണെന്നതും, ഇത്തരം വാഹനങ്ങൾ ഉൾപ്പെടെ വരുത്തുന്ന അപകടങ്ങൾ വർദ്ധിച്ചുവരുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ ആലോചിക്കുമോ? | (സി) | ഉണ്ട്.<br>ആയത് പരിഹരിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സുകളാൽ ഉണ്ടാകുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിലേക്കായി ഡ്രൈവർമാർക്ക് സംസ്ഥാനത്തെ മൂന്ന് സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലനങ്ങൾ നല്കിവരികയും ചെയ്യുന്നു. കൂടാതെ ചീഫ് ഓഫീസ് തലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) -ന്റെ നേതൃത്വത്തിൽ ഒരു ആക്സിഡന്റ് മോണിറ്ററിംഗ് സെൽ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് ഇതുസംബന്ധിച്ച് പഠനവും, വിശകലനവും ചെയ്തുവരുന്നു. കൂടാതെ ഈ വാഹനങ്ങൾ നൽകിയ വോൾവോ, അശോക് ലൈലാന്റ് കമ്പനികളിൽ നിന്നുള്ള പരിശീലകരെ ഉപയോഗിച്ച് തുടർ പരിശീലനം നൽകി അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ